"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - കേരള വനം വികസന കോർപ്പറേഷൻ - വിജിലൻസ് സെൽ രൂപീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.35/2024/F&WLD തീയതി, തിരുവനന്തപുരം, 29-08-2024

---

പരാമർശം:- 1. ജി.ഒ. (പി) നം. 34/97/വിജി തീയതി 11/06/1997.

2. കേരള വനം വികസന കോർപ്പേറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04/12/2023-ലെ ഇ1-1579/13/7884 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം, എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അവരുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും ആഭ്യന്തര വിജിലൻസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കെ.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരള വനം വികസന കോർപ്പറേഷനിലെ വിജിലൻസ് കേസുകൾ വനം വകുപ്പിന്റെ വിജിലൻസ് സെൽ അന്വേഷിക്കുന്ന നിലിവിലെ സാഹചര്യം തുടരുന്നതിനാവശ്യമായ അനുകൂല നടപടി ഉണ്ടാകണമെന്നു കേരള വനം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. ഇന്റേണൽ വിജിലൻസ് സെൽ എന്നത് ഒരു പ്രത്യേക വകുപ്പിലെ/സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ടും ആ വകുപ്പിൽ/സ്ഥാപനത്തിൽ മാത്രം പ്രവർത്തന പരിധി നിശ്ചയിച്ചുകൊണ്ടും രൂപീകരിക്കുന്ന സംവിധാനമായിട്ടാണ് വിജിലൻസ് വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ചില വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലോ, പോലീസ് ഉദ്യോഗസ്ഥരെ കൂടി

ഉൾപ്പെടുത്തിയോ ഇന്റേണൽ വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

3. കേരള വനം വികസന കോർപ്പറേഷനിൽ ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെ.എഫ്.ഡി.സി. ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിക്കുന്നതു ഫലപ്രദമാവില്ല എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ, 1988-ലെ അഴിമതി നിരോധന നിയമത്തിൽ നിർവചിച്ചിട്ടുള്ള 'criminal misconduct' ഒഴിച്ചു കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു വനം വന്യജീവി വകുപ്പിലെ ജോയിന്റ് സെക്രട്ടറി കൺവീനർ ആയും, വനം വന്യജീവി വകുപ്പിലെ ഒരു ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായും ഒരു ഇന്റേണൽ വിജിലൻസ് സെല് രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUSAN GOPI**

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള വനം വികസന കോർപ്പറേഷൻ, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ),(ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ജോയിന്റ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്.
വിജിലൻസ് വകുപ്പ് (വിജ്-സി.2/31/2023/വിജ് തീയതി 12.03.2024).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 29-08-2024 15:38:22
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.